വാരാന്ത്യപതിപ്പ് ലക്കം - 69 | SEPT 11 - SEPT 17

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

ഗ്രാന്റ് പാരന്റ്സ് ഡേ
പേജ് 1

വേൾഡ് ഹിന്ദി ദിവസ്
പേജ് 2

എഞ്ചിനീയർസ് ഡേ
പേജ് 2

യുവജനങ്ങളിലെ ആത്മഹത്യ പ്രവണത
പേജ് 3

റാലി
പേജ് 3

മെഗാ കോസ്റ്റൽ ക്ലീനിംഗ്
പേജ് 4

ലോക ഓസോൺ ദിനം
പേജ് 5

അക്ഷരാഗ്നി
പേജ് 5

ചോദ്യം ഉത്തരം
പേജ് 6

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ


## ഗ്രാന്റ് പാരന്റ്സ് ഡേ

എൻ എസ് എസ് സെപ്റ്റംബർ പന്ത്രണ്ടിനു ഗ്രാന്റ് പാരന്റ്സ് ഡേ ആചരിച്ചു. പ്രായമായവരെ ബഹുമാനിക്കാനും, സ്നേഹിക്കാനുമാണ് ഈ ദിവസം ആചരിക്കുന്നത്.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.





## ലോക ഹിന്ദി ദിവസ്

സെപ്റ്റംബർ പതിനാലാം തിയ്യതി ലോക ഹിന്ദി ദിനം ആചരിച്ചു.ആദ്യത്തെ ലോക ഹിന്ദി ദിന സമ്മേളനം **1975** ജനുവരി **10**ന് മഹാരാഷ്ട്രയിലെ നാഗ്പൂരിലാണ് സംഘടിപ്പിക്കപ്പെട്ടത്.**30** രാജ്യങ്ങളിൽ നിന്നുള്ള **122** പ്രതിനിധികൾ ഈ ചടങ്ങിൽ പങ്കെടുത്തു. ഇന്ത്യയിൽ **2003** മുതലാണ് ഹിന്ദി ദിനം ആചരിച്ചു തുടങ്ങിയത്. ലോകമെമ്പാടും ഈ ഭാഷയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം **2006**ൽ മറ്റ് രാജ്യങ്ങളിലും ലോക ഹിന്ദി ദിനം ആചരിക്കാൻ തുടങ്ങി. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.




# എഞ്ചിനീയർസ് ഡേ

എൻ എസ് എസ് സെപ്റ്റംബർ പതിനഞ്ചിന് എഞ്ചിനീയർസ് ഡേ ആചരിച്ചു.രാജ്യത്തിന്റെ വികസന സ്വപ്നങ്ങളിലെ പ്രധാന പങ്കാളികളെ ഓർമ്മിക്കാനും,ആധുനിക ഇന്ത്യ ഊറ്റംകൊള്ളുന്ന പല പദ്ധതികളുടെയും പിന്നിൽ പ്രവർത്തിച്ച സർ മോക്ഷഗുണ്ടം വിശ്വേശരയ്യയുടെ ജന്മദിനമാണ് എൻജിനീയർമാരുടെ ദിനമായി നാം ആചരിക്കുന്നത്.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# യുവജനങ്ങളിലെ ആത്മഹത്യ പ്രവണത

"യുവജനങ്ങളിലെ ആത്മഹത്യാ പ്രവണത"എന്ന വിഷയത്തിൽ സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ **42&144** ചേർന്നു പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫസർ രഞ്ജിത്ത് വർഗീസിന്റെയും,ഡോ. വിമല കെ ജോണിന്റെയും നേതൃത്വത്തിൽ ക്ലാസ്സ് സംഘടിപ്പിച്ചു.ഗവ.മെന്റൽ ഹെൽത്ത് സെന്ററിലെ സീനിയർ കൺസൾട്ടന്റായ ഡോ എസ് വി സുബ്രമണ്യനാണ് ക്ലാസ്സ് നയിച്ചത്.ഇന്നത്തെ ഉയർന്ന ആത്മഹത്യാ നിരക്കും,അത് എങ്ങനെ കുറയ്ക്കാം എന്നതിനെപ്പറ്റിയും അദ്ദേഹം സംസാരിച്ചു.ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.















# റാലി

ശുചിത്വ മിഷന്റെ ഭാഗമായി സെപ്റ്റംബർ പതിനേഴ് റാലി സംഘടിപ്പിച്ചു.രാവിലെ **10** മണിക്ക് തൃശൂർ കോർപ്പറേഷനിൽ നിന്ന് ഫ്ലാഷ്മോബോടുകൂടി തുടങ്ങിയ റാലി തേക്കിൻകാട് മൈതാനത്തിൽ അവസാനിച്ചു. ഇരുപത്തിനാലോളം എൻ എസ് എസ് വളന്റിയേഴ്സ് റാലിയിൽ പങ്കെടുത്തു.

# മെഗാ കോസ്റ്റൽ ക്ലീനിംഗ്

സ്വച്ഛ് സാഗർ അഭിയാൻ **2022** ന്റേ ഭാഗമായി നടത്തിയ മെഗാ കോസ്റ്റൽ ക്ലീനിംഗ് ഡ്രൈവിൽ മുപ്പത്തിയാറോളം വളന്റിയേഴ്സ് ചേർന്ന് എസ്.എൻ. പുരത്തെ കടൽത്തീരം വൃത്തിയാക്കി. സെപ്റ്റംബർ പതിനേഴ് ശനിയാഴ്ച രാവിലെ എട്ടുമുതൽ പതിനൊന്നര വരെ നടത്തിയ ഈ ശുചിയാക്കലിൽ കടൽത്തീരത്തെ പ്ലാസ്റ്റിക്,റബ്ബർ, കുപ്പി മുതലായ വസ്തുക്കൾ വെവ്വേറെ ശേഖരിച്ച് വെച്ചു. പരിപാടിയുടെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.
















# ലോക ഓസോൺ ദിനം

സെപ്റ്റംബർ പതിനാറാം തിയ്യതി ലോക ഓസോൺ ദിനം ആചരിച്ചു.ഓസോണ് ശോഷണം ബോധ്യപ്പെടുകയും അതിന്റെ അപകടം തിരിച്ചറിയുകയും ചെയ്തതോടെ **1987** സെപ്റ്റംബർ **16** ന് കാനഡയിലെ മോണ്ട്രിയലിൽ വെച്ച് **24** ലോകരാഷ്ട്രങ്ങുടെ പ്രതിനിധികൾ ചേർന്ന് ഒരു ഉടമ്പടിയിൽ ഒപ്പുവെച്ചു. മോണ്ട്രിയൽ ഉടമ്പടിയെന്ന് അറിയപ്പെട്ടിരുന്ന ഈ ഉടമ്പടി ഓസോൺ പാളിക്ക് ദോഷംചെയ്യുന്ന രാസവസ്തുക്കളുടെ ഉത്പാദനം പടിപടിയായി കുറച്ചുകൊണ്ടുവരുന്നതാണ് ലക്ഷ്യമിട്ടത്. ഇതിന്റെ ഓർമയ്ക്കാണ് സെപ്റ്റംബർ **16** ഓസോൺ ദിനാചരണത്തിനായി തിരഞ്ഞെടുത്തത്. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.







# അക്ഷരാഗ്നി

എവിൻ തോമസ്

## ചോദ്യം ഉത്തരം

എൻ എസ് എസ് ചിഹ്നത്തിലെ എട്ട്
അരക്കാലുകൾ എന്തിനെയാണ്
സൂചിപ്പിക്കുന്നത് ?

-ഒരു ദിവസത്തിലെ എട്ടു
യാമങ്ങളെ





## ചിന്താവിഷയം

വിദ്യാഭ്യാസം ഒരു പാത്രം നിറയ്ക്കലല്ല, മറിച്ച് തീ ആളിക്കത്തലാണ്.

- വില്യം ബട്ട്ലർ യീറ്റ്സ്

@nss_stc_42_144